LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയിലെ ഐ.ടി. വിഭാഗം

163(2632) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഐ.ടി. വിഭാഗത്തിൽ ഏതെല്ലാം തസ്തികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിരം ജീവനക്കാരിൽ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി ഐ.ടി വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ഐ.ടി. വിഭാഗത്തിൽ നിലവിലുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു:

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	2
അസിസ്റ്റന്റ് എഞ്ചിനീയർ (ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റ്)	-	2
കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	1
അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്	-	1
നെറ്റ്വർക്ക് സപ്പോർട്ടർ (വർക്കിംഗ് അറേഞ്ച്മെന്റ്)	-	2

(ബി) മതിയായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ജീവനക്കാരെയാണ് നിലവിൽ ഐ.ടി. വിഭാഗത്തിൽ നിയമിച്ചിരിക്കുന്നത്. ഇവരുടെ മേൽനോട്ടത്തിൽ ഐ.ടി. വിഭാഗം വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ തസ്തിക സൃഷ്ടിക്കൽ

164(2633) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളിൽ സൂപ്രണ്ട് തസ്തിക നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മെയിന്റനൻസ് സബ്ഡിവിഷനുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ചാൽ പ്ലാന്റുകളുടെയും അതോറിറ്റിയുടെ പമ്പ് ഹൗസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഓഫീസുകളിൽ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;